മിനി കഥ

# രാമാണോ, റഹിമാണോ?

## സുധീർ പണിക്കവീട്ടിൽ

ദൈവം മനുഷ്യനെ അവൻെറ പ്രതിഛായയിൽ സ്രുഷ്ടിച്ചു എന്നു പറയുന്നത് വിശ്വസിക്കാൻ സാധാരണ ജനങ്ങൾക്ക് പ്രയാസമായിരുന്നു. അവരുടെ കണ്ണുകൾകൊണ്ട് നോക്കുമ്പോൾ മനുഷ്യർ നാനാവിധം. അതിൽ തന്നെ വികലാംകർ, വിരൂപർ, പലനിറക്കാർ, കഷണ്ടികൾ, പൊണ്ണതടിയന്മാർ, കുള്ളന്മാർ. പൂർണ്ണതയാണു് തൻെറ ശക്തി എന്ന് സ്ഥാപിച്ചെടുക്കാൻ കിണഞ്ഞ് പരിശ്രമിക്കുന്ന ദൈവത്തിനു മനുഷ്യൻെറ ചോദ്യങ്ങൾക്ക് മുമ്പിൽ ഉത്തരമില്ലാതായി. ദൈവം മിണ്ടാതിരുന്നപ്പോൾ ആ മൗനം കൊള്ളയടിക്കാൻ ചിലർ ഒരുങ്ങി. അവർ ദൈവത്തിനു പേരുകൾ നൽകി വിഘടിച്ച് നിന്നുപൊരുതി. ഈ ലോകത്തിൽ ഒന്നും പൂർണ്ണമായി താൻ സ്രുഷ്ടിച്ചില്ലെന്നറിയുന്ന ദൈവം അതു മനസ്സിലാക്കി, നിരന്തരം ദിനരാത്രം കഷ്ടപ്പെടുന്ന സാധാരണ ജനങ്ങളേയും അവരെ കബളിപ്പിക്കുന്ന ദൈവത്തിൻെറ അവതാരങ്ങൾ എന്നു അവകാശപ്പെടുന്നവരേയും പക്ഷഭേദമില്ലാതെ കണ്ടു. ലോകത്തിൻെറ അസുന്തുലിതാവസ്ഥ ഇവിടെ നിന്നു തുടങ്ങുന്നു.

അങ്ങ് ദൂരെ ഭാരതഭൂമിയിൽ ഒരു രാത്രി തീരുകയാണു്. പുലരി വെളിച്ചം കുറേശ്ശേ തല നീട്ടുന്നു. പൂക്കളും, കിളികളും, ചെടികളും, കൂട്ടുകാരായി കഴിയുന്ന ഒരു തുണ്ട് ഭൂമിയിലെ സിമൻറ് ബഞ്ചിൽ ഒരു മനുഷ്യനിരിക്കുന്നു. മഞ്ഞ വസ്ത്രം, തലമുടി പറ്റെ വെട്ടിയിരിക്കുന്നു. പ്രകാശമാനമായ കണ്ണുകൾ. അതിഗംഭീരമായ ശാന്തത അവിടെയെങ്ങും നില നിന്നു. ആ സമാധാന നില അധികം നില നിന്നില്ല. ആ മനുഷ്യൻ ഇരുന്നിരുന്ന ബെഞ്ചിൻെറ ഇരു വശത്തായി സ്ഥിതി ചെയ്തിരുന്ന വഴിയിലൂടെ ഒരു കൂട്ടം ആളുകൾ അർഥശൂന്യമായ ശബ്ദങ്ങൾ (മതം മണക്കുന്ന വാക്കുകൾ) പുറപ്പെടുവിച്ച് അലറിയടുത്തു. അവരുടെ കൂട്ടത്തിൽ നിന്നും ഒരുവൻ പറഞ്ഞു.

"ഇതാ ഒരു മനുഷ്യൻ"

മതഭ്രാന്തർ മനുഷ്യരെ കണ്ടു പിടിക്കുന്നു. എന്നാൽ അവരെ തിരിച്ചറിയുന്നില്ല. കണ്ടുമുട്ടിയാൽ തങ്ങളെപ്പോലെ മ്രുഗങ്ങളാക്കാൻ ശ്രമിക്കുന്നു. വഴങ്ങിയില്ലെങ്കിൽ കൊന്നു കളയുന്നു. ഓരൊ മനുഷ്യരും ഇങ്ങനെ " ചത്ത് വീഴുമ്പോഴും ദൈവം തൻെറ കഴിവുകേടിൽ, അപൂർണ്ണതയിൽ മനം നൊന്ത് നാണം കെട്ട് തല താഴ്ത്തുന്നതല്ലാതെ പോംവഴികൾ കണ്ടു പിടിക്കുന്നില്ല. അങ്ങനെയുള്ള ദൈവം മനുഷ്യനു മരണശേഷം സ്വർഗ്ഗവും നരകവും വിധിക്കുമെന്ന്പറയുന്നത് മതഭ്രാന്തന്മാരുടെ തുരുപ്പ് ചീട്ടല്ലാതെ മറ്റെന്താണെന്ന് ഭൂമിയിലെ പാവങ്ങൾ ചിന്തിച്ചു.

മനുഷ്യനു ചുറ്റും കൂടിയ സംഘക്കാർ ഒറ്റ ശബ്ദത്തിൽ ചോദിച്ചു. ആരാണു് നീ"

ഞാനൊരു മനുഷ്യൻ

അതു മനസ്സിലായി. നീ റാമോ? റഹിമോ? സംഘത്തിൻെറ കോറസ്സ്.

"എൻെറ പേരു് നാരായണൻ"

റഹിമിൻെറ കൊടി പിടിച്ചവർ കൂകി. കള്ള കാഫർ , തല്ലി തകർക്കവനേ.

റാമിൻെറ കൊടി പിടിച്ചവർ പറഞ്ഞു. "തൊട്ടു പോകരുത്" സംഘക്കാർ ഒരേ ശബ്ദത്തിൽ മനുഷ്യനോട് ചോദിച്ചു.

നിനക്ക് രാമാകണോ? റഹിമാകണോ?

മനുഷ്യൻ ശാന്തനായി പറഞ്ഞു. എനിക്ക് ആരുമാകേണ്ട. ഞാൻ വെറും നാരായണൻ. എൻെറ പേരിനു വാലുപോലുമില്ല. ഞാനൊരു ദൈവത്തിൽ വിശ്വസിക്കുന്നു. ആ ശ്കതിക്ക് രൂപമില്ല, പേരില്ല. അവൻ സർവ്വവ്യാപി. സർവ്വശക്തൻ. ഈ ഭൂമിയിൽ നന്മയോടെ ജീവിക്കയാണു എൻെറ ലക്ഷ്യം. ഇവിടെ അശാന്തിയുണ്ടാക്കി കലാപം ഉണ്ടാക്കി സ്വർഗ്ഗം, അങ്ങനെയൊന്നുണ്ടെങ്കിൽ , തേടലല്ല എൻെറ ലക്ഷ്യം.

റഹിമിൻെറ കൂട്ടക്കാർ അലറി, ഇപ്പം ഒരു തീരുമാനം പറയണം.

നാരയണൻഃ ദൈവത്തിൻെറ പേരും പറഞ്ഞു നിങ്ങൾ എന്തിനു തമ്മിൽ തമ്മിൽ തല്ലി ചാകുന്നു. ഇങ്ങനെ തല്ലി ചാകുമ്പോൾ എപ്പോഴെങ്കിലും നിങ്ങൾ പറയുന്ന ദൈവം ഇടപ്പെട്ട് നിങ്ങളെ രക്ഷിച്ചിട്ടുണ്ടോ? ഒരു ജാതി, ഒരു മതം, ഒരു ദൈവം, അതാണു എൻെറ മതം, എന്നെ വെറുതെ വിടുക.

ജാതിയും മതവുമില്ലാത്തവൻ തങ്ങൾക്ക് ഭീഷണിയല്ലെന്ന് കണ്ട് രണ്ടു മതക്കാരും അദ്ദേഹത്തെ വിട്ടിട്ട് പോയി. അവരിൽ ഒരാൾ ആലോചിച്ചു,. "രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ഈ മനുഷ്യൻ ജനിച്ചിരുന്നെങ്കിൽ ലോകത്തിൽ ചോരപുഴകൾ ഒഴുകുകയില്ലായിരുന്നു.

**ശുഭം**